II.ഇ.ബി. XII--കേരള നിയമസഭ/I- 7

**പന്ത്രണ്ടാം കേരള നിയമസഭ**

ഒന്നാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2006 ജൂൺ 28, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

33(*166) പച്ചക്കറികളുടെ വിലവർദ്ധന തടയാൻ നടപടി

കൃഷിവകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) നൽകിയ മറുപടിയിൽ, പച്ചക്കറികളുടെ വിലവർദ്ധന തടയുവാൻ കൃഷിവകുപ്പിന്റെ കീഴിലുള്ള സംഘമൈത്രികൾ, ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ എന്നീ ഏജൻസികൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. കേരളത്തിൽ ഉൽപാദിപ്പിക്കപ്പെടുന്ന പഴവർഗ്ഗങ്ങളും നാടൻപച്ചക്കറികളും കർഷകരിൽനിന്നും കർഷകസംഘങ്ങളിൽനിന്നും വാങ്ങി ഹോർട്ടി കോർപ്പിന്റെ വിവിധ വിൽപന കേന്ദ്രങ്ങളിലൂടെ മാർക്കറ്റ് വിലയേക്കാൾ 15 ശതമാനം മുതൽ 20 ശതമാനം വരെ കുറഞ്ഞ വിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നുണ്ട്. പച്ചക്കറികൾ ഏറ്റവും കൂടുതൽ ആവശ്യമായി വരുന്ന ഓണക്കാലത്ത് വിലക്കയറ്റം നിയന്ത്രിക്കുവാനായി ഹോർട്ടിക്കോർപ്പും വി.എഫ്.പി.സി.കെ.യും വിപണി ഇടപെടൽ നടത്താറുണ്ട്. വരുന്ന

ഓണക്കാലത്ത് നാടൻ പച്ചക്കറികൾ കൂടുതലായി സംഭരിക്കാനും കേരളത്തിൽ ലഭിക്കാത്ത ഇനങ്ങൾ നേരിട്ട് സഫൽ മാർക്കറ്റ് (എൻ.ഡി.ഡി.ബി.) പോലെയുള്ള അർദ്ധസർക്കാർ സ്ഥാപനങ്ങളിൽനിന്നും വൻതോതിൽ എത്തിക്കുവാനും പഞ്ചായത്തുകൾ വഴി ഔട്ട്ലെറ്റുകൾ തുടങ്ങാനും കൂടുതൽ ഓണം ഫെയറുകളും വിൽപനശാലകളും നടത്താനും മൊബൈൽ യൂണിറ്റുകൾ കൂടുതൽ വ്യാപകമാക്കി ജനങ്ങളിലേയ്ക്ക് എത്തിക്കാനും ശ്രമിക്കുന്നതാണ്. അന്യസംസ്ഥാനങ്ങളിൽനിന്നും ആവശ്യാനുസരണം പച്ചക്കറികൾ വരുത്താനുള്ള സംവിധാനം ഏർപ്പെടുത്തും. കേരളത്തിലെ പച്ചക്കറി ഉൽപാദന മേഖല നേരിടുന്ന വിഷമതകളും പച്ചക്കറി ക്ഷാമവും ദൂരീകരിക്കാനുള്ള പദ്ധതികളെക്കുറിച്ച് ഗവണ്മെന്റ് ആലോചിക്കുന്നുണ്ട്. ജൈവ കൃഷി പ്രോൽസാഹിപ്പിക്കു ന്നതിനായി കർഷകർക്ക് അവബോധം നൽകി ഓരോ വീട്ടിലും ജൈവവള മുണ്ടാക്കി പച്ചക്കറി കൃഷി ചെയ്ത്, അവ സംഭരിച്ച് വിപണനം നടത്താനുള്ള ഒരു പദ്ധതി കൃഷിഭവനുകൾ വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കുടുംബശ്രീ യൂണിറ്റുകൾ മുഖേന പച്ചക്കറി ഉൽപാദനം നടത്തുന്ന കാര്യത്തിൽ ഗവണ്മെന്റ് ശ്രദ്ധ ചെലുത്തുകയും അതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതുമാണ്. മേൽത്തരം വിത്തുകളും വളവും കർഷകർക്ക് സൗജന്യമായി നൽകുന്നതിനും പച്ചക്കറി മൊത്തമായി ശേഖരിച്ച് സ്വയംസഹായ സംഘങ്ങളും കുടുംബശ്രീ യൂണിറ്റുകളുംവഴി വിൽപന നടത്താനുമുള്ള സംവിധാനത്തെക്കുറിച്ച് ആലോചിക്കുന്നതാണ്. പച്ചക്കറി കൃഷി വ്യാപകമാക്കാൻ കൂട്ടുകൃഷി സംപ്രദായം ഏർപ്പെടുത്താ വുന്നതാണ്. ഇപ്പോൾ ഹോർട്ടികോർപ്പിനുവേണ്ടി നീക്കിവച്ചിരിക്കുന്ന 25 ലക്ഷം രൂപയിൽ വർദ്ധനവുവരുത്തി ഹരിതസ്റ്റാളുകൾ ഉൾപ്പെടെയുള്ള

പച്ചക്കറി വിൽപനശാലകൾ ശക്തിപ്പെടുത്തി മുന്നോട്ടു കൊണ്ടുപോകുന്നതാണ്. പഴങ്ങളിലും പച്ചക്കറികളിലും മായം ചേർക്കുന്നതും അമിതമായി കീടനാശിനികൾ ഉപയോഗിക്കുന്നതും തടയാനുള്ള ശ്രമം നടത്തുന്നതാണ്. കർഷകർക്ക് അവരുടെ ഉൽപന്നങ്ങൾ എല്ലാക്കാലത്തും വിറ്റഴിക്കാനുള്ള സംവിധാനങ്ങളുണ്ടാക്കുന്നതാണ്. ഉൽപാദനം, സംഭരണം, വിപണനം എന്നീ രംഗങ്ങളിലുള്ള വീഴ്ചകൾ പരിഹരിക്കുന്നതിന് കൃഷിവകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളെ ഏകോപിപ്പിച്ച് മാർക്കറ്റിംഗ് സംവിധാനം ശക്തിപ്പെടുത്തുന്നതാണ്. വാഴക്കൃഷി നശിച്ചവർക്ക് സഹായധനം നൽകുന്നതിനുള്ള നോംസ് പരിഷ്കരിക്കുന്നതിന് കേന്ദ്ര ഗവണ്മെന്റിൽ സമ്മർദ്ദം ചെലുത്തുന്നതാണെന്നും അവർക്ക് ഇൻഷ്വറൻസ് സ്കീം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കാവുന്നതാണെന്നും ഉപചോദ്യങ്ങൾക്കുത്തരമായി മന്ത്രി വ്യക്തമാക്കി.

34(*167) <u>നെൽക്കൃഷിയും ഉൽപാദനവും</u>

കൃഷി വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് നെൽക്കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണവും നെല്ലിന്റെ ഉൽപാദനവും കുറഞ്ഞുവരുന്നതിനാൽ നിലവിലുള്ള പദ്ധതികളെക്കുറിച്ച് റിവ്യൂ നടത്തുകയും കർഷകർ നേരിടുന്ന പ്രശ്നങ്ങൾ വസ്തുനിഷ്ഠമായി മനസ്സിലാക്കി പരിഹാര മാർഗ്ഗങ്ങൾ ആരായുകയും ചെയ്യുന്നതാണെന്ന് സഭയെ അറിയിച്ചു. പാഡി ബോർഡുവഴി മുന്നോട്ടുവച്ച പരിഹാര മാർഗ്ഗങ്ങൾ നിലവിൽ വരുമ്പോൾ നെൽക്കൃഷി മേഖലയേയും നെൽക്കർഷകരേയും പ്രത്യേകമായി പരിഗണിക്കുന്ന സംവിധാനങ്ങൾ ഉണ്ടാകും. നെൽക്കൃഷി പ്രോൽസാഹിപ്പിക്കുന്നതിന് നടപ്പിലാക്കിവരുന്ന പദ്ധതികൾ താഴെക്കൊടുക്കുന്നു.

ഉൽപാദനച്ചെലവ് കുറയ്ക്കുന്നതിനായി ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം നടപ്പിലാക്കുന്നു;

അത്യുൽപാദനശേഷിയുള്ള വിത്തിനങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നു;

വിത്തുവിതരണം കാര്യക്ഷമതയോടും സമയബന്ധിതവുമായി നടപ്പിലാക്കുവാൻ വിത്തുവികസന അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്;

ഓരോ സീസണിലും നെൽക്കൃഷി ചെയ്യുന്ന കർഷകർക്ക് ഹെക്ടറിന് 350 രൂപ നിരക്കിൽ ഉൽപാദന ബോണസ് നൽകിവരുന്നു;

നെൽക്കൃഷിക്ക് ഭൂപരിധിയില്ലാതെ വൈദ്യുതി സൗജന്യം നൽകുന്നു;

പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ധനസഹായം നൽകുന്നു;

സംയോജിത വളപ്രയോഗം, സംയോജിത കീടനിയന്ത്രണം, ജലപരിപാലനം, ജൈവവളപ്രയോഗം പ്രാവർത്തികമാക്കുക എന്നിവ നടപ്പിലാക്കുന്നു;

നെല്ലു സംഭരണ പദ്ധതി ഊർജ്ജിതമായി നടപ്പിലാക്കുന്നു;

വിളനാശം സംഭവിച്ച കർഷകർക്ക് സൗജന്യമായി വിത്ത്, കുമ്മായം എന്നിവ നൽകുന്നു;

കൃഷിനാശം നേരിട്ട കർഷകർ സഹകരണ ബാങ്കുകളിൽ നിന്നും മറ്റും എടുത്ത ലോണുകളുടെ പലിശ, പിഴപ്പലിശ എന്നിവയ്ക്ക് ഇളവ് അനുവദിച്ചിട്ടുണ്ട്;

യന്ത്രവൽക്കരണം വ്യാപിപ്പിക്കുന്നതിനും തരിശ്ശായി കിടക്കുന്ന നെൽപ്പാടങ്ങളിൽ നെൽക്കൃഷി ചെയ്യുന്നതിനും പദ്ധതികൾ നടപ്പിലാക്കിവരുന്നു;

സുഗന്ധനെല്ല് ബ്രാൻഡ് ചെയ്ത് വിപണനം ചെയ്യുന്നതിനും അനുയോജ്യമായ പ്രദേശങ്ങളിൽ ഒറ്റ ഞാർ കൃഷി വ്യാപിപ്പിക്കാനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു;

കുട്ടനാടിന്റെ സമഗ്രവികസനം ലക്ഷ്യമിട്ടുകൊണ്ട് ഈ പ്രദേശത്തെ 33,000 ഹെക്ടറോളം വരുന്ന പാടശേഖരങ്ങളുടെ സമഗ്ര വികസനത്തിനായി നബാർഡിന്റെ ധനസഹായത്തോടെ ഒരു ബൃഹത് പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

വയൽ നികത്തുന്നതു തടയാനും സംരക്ഷിക്കാനും കഴിയുന്ന തരത്തിലുള്ള ഒരു നിയമനിർമ്മാണത്തിന് ഗവണ്മെന്റ് ആലോചിക്കുന്നുണ്ടെന്ന്

ഒരുപചോദ്യത്തിനു മറുപടിയായി റവന്യൂ വകുപ്പുമന്ത്രി പറഞ്ഞു. ഒരു നെല്ലും ഒരു മീനും പദ്ധതി പ്രത്യേക ഇടങ്ങളിൽ വ്യാപിപ്പിക്കുന്നതിനേയും ടെറസ്സുകളിൽ പച്ചക്കറി കൃഷിയും നെൽക്കൃഷിയും ചെയ്യുന്നതിനുള്ള പദ്ധതിയേയുംപറ്റി ആലോചിക്കുന്നതാണ്. കായൽ നിലങ്ങൾ ഏറ്റെടുത്ത് നെൽക്കൃഷി ചെയ്യുന്നതിനെക്കുറിച്ചും തരിശുകിടക്കുന്ന പതിനായിരം ഹെക്ടർ ഭൂമിയെങ്കിലും ഏറ്റെടുത്ത് കൃഷിയോഗ്യമാക്കി കർഷകരുടെ കൂട്ടായ്മ ഉണ്ടാക്കുന്ന കാര്യവും സജീവ പരിഗണനയിലാണ്. തൃശൂർ കോൾ നിലങ്ങളുടെ വികസനത്തിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് അവിടത്തെ പാടശേഖര സമിതി നേതാക്കളുടേയും ബന്ധപ്പെട്ട എം.എൽ.എ.മാരുടേയും ഒരു യോഗം വിളിച്ചുകൂട്ടുന്നതാണെന്ന് ഒരുപചോദ്യത്തിനു മറുപടിയായി മന്ത്രി അറിയിച്ചു.

**രേഖാമൂലം നൽകിയ ഉത്തരങ്ങൾ**

35(*168) <u>അനധികൃത ലോട്ടറി ടിക്കറ്റ് വില്പന</u>

ധനകാര്യവകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, 2005-ലെ കേരള ടാക്സ് ഓൺ പേപ്പർ ലോട്ടറി ആക്ട് പ്രകാരം നിയമാനുസൃതം നികുതി ഒടുക്കിയ പേപ്പർ ലോട്ടറികൾക്ക് മാത്രമേ കേരളത്തിൽ വില്പന നടത്താൻ കഴിയൂവെന്നും എല്ലാവിധ ഓൺലൈൻ കമ്പ്യൂട്ടർവത്കൃത ലോട്ടറികളും കേരളത്തിൽ നിയമംമൂലം നിരോധിച്ചിട്ടുണ്ടെന്നും അറിയിച്ചു. ഒരു സാധാരണ ലോട്ടറി നറുക്കെടുപ്പിന് രണ്ടര ലക്ഷം രൂപയും ബംബർ നറുക്കെടുപ്പിന് 10 ലക്ഷം രൂപയുമാണ് നികുതിയായി ഒടുക്കേണ്ടത്. സിക്കിം, ഭൂട്ടാൻ, എന്നീ ഗവൺമെന്റുകളുടെ പ്രൊമോട്ടർമാരാണ് നികുതി അടച്ച് ടിക്കറ്റ് വില്പന നടത്തുന്നത്. കേരള ഭാഗ്യക്കുറിയിൽ കൂടുതൽ പരിഷ്ക്കാരങ്ങൾ

ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ഭാഗ്യക്കുറി വകുപ്പ് പൂർണ്ണമായും കമ്പ്യൂട്ടർവത്ക്കരിച്ച് സമ്മാനവിതരണം, ഫലപ്രഖ്യാപനം, ടിക്കറ്റ് വില്പന എന്നിവ കാര്യക്ഷമമാക്കുവാനും സർക്കാരിന്റെ റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി രണ്ട് പുതിയ ലോട്ടറികൾകൂടി ആരംഭിക്കുവാനും ഉദ്ദേശിക്കുന്നുണ്ട്.

36(*171) <u>വെടിക്കെട്ടപകടങ്ങൾ തടയാൻ നടപടി</u>

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, വെടിക്കെട്ടപകടങ്ങൾ ആവർത്തിക്കാതിരിക്കാൻ നിരന്തരമായ പരിശോധനകൾ നടത്തി വെടിമരുന്ന് കൈകാര്യം ചെയ്യുന്നത് നിയമപ്രകാരവും മതിയായ സുരക്ഷാ ക്രമീകരണങ്ങളോടുംകൂടിയാണെന്ന് ഉറപ്പുവരുത്തുന്നുണ്ടെന്നും അനധികൃതമായി വെടിമരുന്ന് നിർമ്മാണമോ കൈകാര്യം ചെയ്യലോ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നിയമാനുസൃത നടപടികളെടുക്കുന്നുണ്ടെന്നും വാഹനപരിശോധന കർശനമാക്കി അനധികൃതമായി കടത്തുന്ന വെടിമരുന്ന് സാമഗ്രികൾ പിടിച്ചെടുക്കുന്നുണ്ടെന്നും നിയമാനുസൃതം ലൈസൻസ് ഉള്ളവർക്കുമാത്രമേ വെടിമരുന്ന് ഉപയോഗിക്കാനും വിൽക്കുവാനും പാടുള്ളൂവെന്ന കർശന നിർദ്ദേശത്തിനെതിരെ പ്രവർത്തിക്കുന്നവരുടെ പേരിൽ നടപടികൾ എടുത്തുവരുന്നുണ്ടെന്നും അറിയിച്ചു.

37(*176) <u>വിള ഇൻഷ്വറൻസ് പദ്ധതി</u>

കൃഷിവകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, തെങ്ങ്, വാഴ, റബ്ബർ, കമുക്, കുരുമുളക്, ഏലം, കശുമാവ്, കൈതച്ചക്ക, കാപ്പി, ഇഞ്ചി, തേയില, മരച്ചീനി, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പു, വെറ്റില,

കരിമ്പ്, പയറുവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, പുകയില, നെല്ല് എന്നിവയെ വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിച്ചു. 1995 മുതൽ 2005 വരെ 132,898 കർഷകർ ഇതിൽ അംഗങ്ങളായിട്ടുണ്ട്. വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂമികുലുക്കം, ഭൂകമ്പം, കടലാക്രമണം, ചുഴലിക്കാറ്റ്, കൊടുങ്കാറ്റ്, ഇടി, മിന്നൽ, കാട്ടുതീ എന്നീ പ്രകൃതിക്ഷോഭങ്ങൾക്കും കാട്ടാനശല്യംമൂലമുണ്ടാകുന്ന കൃഷിനാശത്തിനു മാണ് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നത്. സംസ്ഥാനത്ത് പ്രകൃതിക്ഷോഭംമൂലം കാർഷിക രംഗത്ത് അടിക്കടി ഉണ്ടാകുന്ന വൻനാശനഷ്ടം കണക്കിലെടുത്ത് കൂടുതൽ കർഷകരെ വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഓരോ കൃഷിഭവന്റേയും കീഴിലുള്ള അഗ്രോ ക്ളിനിക്കുകൾവഴി ഈ പദ്ധതിക്ക് പ്രചാരം നൽകിവരുന്നു. കൂടാതെ ജില്ലകളിൽ സംഘടിപ്പിക്കുന്ന കാർഷിക സെമിനാറുകൾവഴിയും കൃഷിഭവനുകളുടെ കാർഷിക വികസന സമിതികൾവഴിയും പാടശേഖര സമിതികൾവഴിയും കൂടുതൽ കർഷകരെ ഈ പദ്ധതിയിൽ കൊണ്ടുവരുന്നതിനുള്ള പ്രചാരണ നടപടികൾ നടത്തിവരുന്നു. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ സൗജന്യ പ്രസിദ്ധീകരണത്തിലൂടേയും ഈ പദ്ധതിക്ക് വേണ്ടത്ര പ്രചാരം നൽകിവരുന്നു.

38(*177) <u>വഴിയോര ടൂറിസം പദ്ധതി</u>

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, വഴിയോര ടൂറിസം പദ്ധതിയിലേയ്ക്ക് 121 സംരംഭകരെ തെരഞ്ഞെടുത്തിട്ടുണ്ടെന്നും ഈ പദ്ധതിയിൽ മൂന്നു തരത്തിലുള്ള യൂണിറ്റുകളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്നും അറിയിച്ചു. സംരംഭകരുടെ

യോഗ്യത, സ്ഥലത്തിന്റെ ലഭ്യത, സംരംഭക പശ്ചാത്തലം, ആതിഥേയ വ്യവസായത്തിലുള്ള പരിചയം, മുതൽമുടക്കുശേഷി, സംരംഭകന്റെ പ്രായം, എന്നിവ പരിശോധിച്ച് ഓരോ സംരംഭകനും ഓരോ ക്ലാസ്സിലുള്ള യൂണിറ്റുകൾ നിർമ്മിക്കാനുള്ള അനുവാദമാണ് നൽകിയിരിക്കുന്നത്. ഇതിൽ സംരംഭകർ മുടക്കുന്ന മൊത്തം തുകയുടെ 25 ശതമാനം (പരമാവധി 7 ലക്ഷം രൂപ) യൂണിറ്റുകൾ പൂർത്തിയായതിനുശേഷം സബ്സിഡിയായി നൽകും. കൂടാതെ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പയെടുക്കുന്നതിനുള്ള സഹായം, ബ്രാൺഡിംഗിനും മാർക്കറ്റിംഗിനുമുള്ള സഹായം, ട്രെയിനിംഗ് തുടങ്ങിയവയും നൽകുന്നതാണ്. തദ്ദേശീയരും വിദേശീയരുമായ യാത്രക്കാർക്കുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ നൽകുകയെന്നതാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. നാഷണൽ ഹൈവേ, സ്റ്റേറ്റ് ഹൈവേ, പ്രധാന ടൂറിസം സെന്ററുകളിലേയ്ക്കുള്ള റോഡുകൾ എന്നിവയുടെ അരികിലാണ് വഴിയോരം യൂണിറ്റുകൾ ഉദ്ദേശിക്കുന്നത്. ഓരോ യൂണിറ്റിലും ഭക്ഷണശാല, സുവനിയർ ഷോപ്പ്, ബാത്ത്റൂം & ടോയ്‌ലറ്റ്, വിശ്രമിക്കാനുള്ള സ്ഥലം, ടെലിഫോൺ, ഇന്റർനെറ്റ് ഫെസിലിറ്റി, കാർ പാർക്കിംഗ് ഏരിയ മുതലായ സൗകര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

39(*181) <u>ഹെൽത്ത് ടൂറിസം വികസനം</u>

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, വിദഗ്ദ്ധ ചികിത്സ തേടിവരുന്ന വിദേശികൾക്ക് ഗുണനിലവാരമുള്ള ചികിത്സ കുറഞ്ഞ ചെലവിൽ ഉറപ്പുവരുത്തുകയും കേരളത്തിന്റെ പ്രകൃതിഭംഗി ആസ്വദിക്കുകയും അതുവഴി ടൂറിസം രംഗത്തുനിന്നുമുള്ള വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യുന്ന ഒരു

പദ്ധതിയാണ് ഹെൽത്ത് ടൂറിസം കൊണ്ട് സർക്കാർ ലക്ഷ്യമിടുന്നതെന്നറിയിച്ചു. ഹെൽത്ത് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി സ്വകാര്യമേഖലയുമായി ചേർന്നുള്ള പദ്ധതികളാണ് സർക്കാർ ഇപ്പോൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നത്. ഇതനുസരിച്ച് കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രിയുമായി ചേർന്ന് കൊച്ചിയിൽ അന്താരാഷ്ട്ര തലത്തിലുള്ള ഒരു സെമിനാറും എക്സിബിഷനും സംഘടിപ്പിക്കുകയുണ്ടായി. വിദേശരാജ്യങ്ങളിൽ ഹെൽത്ത് ടൂറിസവുമായി ബന്ധപ്പെട്ട് നടക്കുന്ന മേളകളിൽ കേരളത്തിലെ പ്രധാനപ്പെട്ട ആശുപത്രികളെക്കൂടി പങ്കെടുപ്പിക്കുന്നതിന് ശ്രദ്ധ ചെലുത്തിവരുന്നു. കേരളത്തിൽ ഇന്ന് ലഭ്യമായ ചികിത്സകളും അവയ്ക്കുള്ള ചെലവും മറ്റ് സൗകര്യങ്ങളും ഉൾപ്പെടുത്തിക്കൊണ്ടുള്ള ബ്രോഷറുകൾ പുറത്തിറക്കിയിട്ടുണ്ട്. കൂടാതെ മെഡിക്കൽ ടൂറിസം രംഗത്ത് പ്രവർത്തിക്കുന്ന ആശുപത്രികൾക്ക് അക്രെഡിറ്റേഷൻ നേടിക്കൊടുക്കുന്നതിനും മുൻകൈയെടുക്കുന്നുണ്ട്. സംസ്ഥാനത്ത് ആധുനിക ചികിത്സ ലഭ്യമാകുന്ന പ്രധാനപ്പെട്ട ആശുപത്രികൾ സ്ഥിതി ചെയ്യുന്നത് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ നഗരങ്ങളിൽ ആയതിനാൽ പ്രസ്തുത നഗരങ്ങളും പരിസര പ്രദേശത്തുള്ള ടൂറിസം കേന്ദ്രങ്ങളും ഹെൽത്ത് ടൂറിസത്തിന് അനുയോജ്യമായ സ്ഥലങ്ങളായി കണക്കാക്കുന്നു. ആയൂർവേദത്തിന്റെ സാദ്ധ്യതകൾ ഇതിനകംതന്നെ മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ആയൂർവേദിക് സെന്ററുകളെ സൗകര്യങ്ങൾ അനുസരിച്ച് ക്ളാസിഫിക്കേഷൻ നടത്തി വിദേശികൾക്ക് ഗുണനിലവാരമുള്ള ചികിത്സ ഉറപ്പുവരുത്തുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

40(*185) <u>കാർഷികമേഖലയിലെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കാൻ നടപടി</u>

കൃഷിവകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, കാർഷിക വിളകളുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് അറിയിച്ചു. കാറ്റുവീഴ്ച രോഗനിയന്ത്രണത്തിനായി കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം എന്നീ ജില്ലകളെ ഉൾപ്പെടുത്തി നടപ്പിലാക്കിയ 1924.67 കോടി രൂപയുടെ ഒരു പദ്ധതിക്ക് 2005-06 വർഷം കേന്ദ്ര അനുമതി ലഭിക്കുകയും ഒന്നാം ഗഡുവായി 40 കോടി രൂപയുടെ അഡീഷണൽ സെൻട്രൽ അസിസ്റ്റൻസ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ തെങ്ങിന്റെ കൂമ്പുചീയൽ രോഗനിയന്ത്രണത്തിനായി 6.802 ലക്ഷം രൂപയുടെ ഒരു പദ്ധതി 2005-06-ൽ പൂർത്തീകരിച്ചു. വരൾച്ച ബാധിത ജില്ലകളായ കണ്ണൂർ, തൃശ്ശൂർ, ആലപ്പുഴ, പാലക്കാട്, മലപ്പുറം, കാസർഗോഡ്, കോഴിക്കോട്, കൊല്ലം എന്നീ ജില്ലകളിലെ കശുമാവ് പുനരുദ്ധാരണത്തിനും ഇടുക്കി, വയനാട്, കോഴിക്കോട് എന്നീ വരൾച്ച ബാധിത ജില്ലകളിലെ കുരുമുളകു കൃഷി പുനരുദ്ധാരണത്തിനും 30 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഹോർട്ടിക്കൾച്ചർ വിളകളുടെ ഉന്നമനത്തിനായി നാഷണൽ ഹോർട്ടികൾച്ചർ മിഷനും സംസ്ഥാന ഹോർട്ടികൾച്ചർ മിഷനും രൂപീകരിക്കുകയും 2005-06 വർഷത്തിൽ 75.820 കോടി രൂപയുടെ ഒരു പദ്ധതിക്ക് കേന്ദ്ര സർക്കാർ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പുഷ്പക്കൃഷി, ഔഷധസസ്യക്കൃഷി, ഇടവിളക്കൃഷി എന്നിവയുടെ വികസനത്തിനായി 2005-06 വർഷത്തിൽ 555.55 ലക്ഷം രൂപയുടെ ഒരു പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഫ്ളോറി ഗ്രൂപ്പ്, ഔഷധസസ്യ ഗ്രൂപ്പ്, ഇടവിളക്കൃഷി ഗ്രൂപ്പ് എന്നിവയിലൂടെ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. കാർഷിക മേഖലയുടെ

വികസനത്തിനായി നെൽക്കൃഷി വികസനം, കാർഷിക യന്ത്രവൽക്കരണം, ചെറുധാന്യങ്ങളുടെ വികസനം, എണ്ണപ്പന കൃഷി വികസനം, നാളികേര കൃഷി വികസനം, നീർമറിപ്രദേശ വികസനം, കാർഷികവൃത്തിയിലൂടെ സ്ത്രീകളുടെ ഉന്നമനം എന്നിവയ്ക്കാണ് കേന്ദ്ര സർക്കാരിൽനിന്നും സഹായം ലഭിച്ചുവരുന്നത്. 2006–07–ൽ നാളിതുവരെ അനുമതി ലഭിച്ച കേന്ദ്ര സർക്കാർ പദ്ധതികൾ താഴെപ്പറയുന്നവയാണ്.

| കേന്ദ്രാവിഷ്കൃത പദ്ധതികൾ | ലഭിച്ച തുക (ലക്ഷത്തിൽ) |
|---|---|
| (100%) | |
| നാളികേര വികസന ബോർഡ് | 468 |
| ദേശീയ ബയോഗ്യാസ് വികസന പദ്ധതി | 92.99 |
| കാർഷിക യന്ത്രവൽക്കരണം ശക്തിപ്പെടുത്തൽ | 16.72 |
| (90 %) | |
| മാക്രോ മാനേജ്മെന്റ് പദ്ധതി | |
| കേന്ദ്ര സർക്കാർ വിഹിതം | 3060 |
| കേരള സർക്കാർ വിഹിതം | 340 |
| (75 %) | |
| എണ്ണപ്പന വികസന പദ്ധതി | |
| കേന്ദ്ര സർക്കാർ വിഹിതം | 15 |
| കേരള സർക്കാർ വിഹിതം | 5 |
| (50 %) | |
| ടി.ഡി.എക്സ് തെങ്ങിൻ തൈകൾ ഉത്പാദനവും വിതരണവും | |
| കേന്ദ്ര സർക്കാർ വിഹിതം | 9.38 |
| കേരള സർക്കാർ വിഹിതം | 9.38 |
| നാളികേര റീജിയണൽ നഴ്സറി | |
| കേന്ദ്ര സർക്കാർ വിഹിതം | 36.25 |
| കേരള സർക്കാർ വിഹിതം | 36.25 |
| (40 %) | |
| മൈക്രോ ഇറിഗേഷൻ | |
| കേന്ദ്ര സർക്കാർ വിഹിതം | 3200 |
| കേരള സർക്കാർ വിഹിതം | 800 |
| കർഷക വിഹിതം/ബാങ്ക് വായ്പ | 4000 |

## നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

56(976) സ്ത്രീപീഡന കേസുകൾ

17-5-2001 മുതൽ 16-5-2006 വരെ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത 31170 സ്ത്രീപീഡനക്കേസുകളിൽ 26093 എണ്ണത്തിന്റെ അന്വേഷണം പൂർത്തിയാക്കി കോടതിയിൽ ചാർജ്ജ്ഷീറ്റ് സമർപ്പിക്കുകയും 630 കേസ്സുകളിൽ പ്രതികളെ ശിക്ഷിക്കുകയും ചെയ്തിട്ടുണ്ട്. ഇതേ കാലയളവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 64 പെൺവാണിഭക്കേസുകളിൽ 44 എണ്ണം അന്വേഷണം പൂർത്തിയാക്കി കോടതിയിൽ ചാർജ്ജ്ഷീറ്റ് സമർപ്പിച്ചിട്ടുണ്ട്.

57(991) മാൻ മിസ്സിംഗ് കേസ്സുകൾ

2001 മുതൽ 2006 വരെ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത 12152 മാൻ മിസ്സിംഗ് കേസ്സുകളിൽ 10098 പേരെ കണ്ടെത്തിയിട്ടുണ്ട്.

58(1066) നികുതി കുടിശ്ശിക

2001-2002 മുതൽ 2005-2006 വരെയുള്ള കാലഘട്ടത്തിൽ നികുതിയിനത്തിൽ പിരിഞ്ഞുകിട്ടിയ തുക താഴെക്കൊടുക്കുന്നു.

(രൂപ കോടിയിൽ)

| ഇനം | 2001-02 | 2002-03 | 2003-04 | 2004-05 | 2005-06 (താൽക്കാലികം) |
|---|---|---|---|---|---|
| | പിരിഞ്ഞുകിട്ടിയ തുക (രൂപ കോടിയിൽ) | | | | |
| കാർഷികാദായ നികുതി | 1.87 | 6.40 | 8.74 | 4.93 | 6.15 |
| മുദ്രപത്രങ്ങളും രജിസ്ട്രേഷൻ ഫീസും | 394.28 | 486.53 | 549.81 | 775.35 | 1101.42 |
| എക്സൈസ് തീരുവകൾ | 541.46 | 663.07 | 655.91 | 746.45 | 841.00 |
| വില്പന നികുതി | 4440.85 | 5343.15 | 5991.43 | 6701.05 | 7038.15 |
| വാഹന നികുതി | 452.18 | 513.20 | 585.77 | 610.48 | 628.51 |
| ഭൂനികുതി | 34.93 | 38.40 | 40.59 | 43.85 | 43.87 |

59(1070) <u>സഞ്ചിതനിധിയിൽനിന്നും ശമ്പളം</u>

സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽനിന്നും 496529 ജീവനക്കാർ (1–1–2006–ലെ കണക്ക്) ശമ്പളം പറ്റുന്നുണ്ട്. 1–3–2006–ലെ കണക്കനുസരിച്ച് സർവ്വീസ് പെൻഷനും കുടുംബ പെൻഷനും വാങ്ങുന്നവരുടെ എണ്ണം യഥാക്രമം 328,710–ഉം 70,358–ഉം (ശമ്പള പരിഷ്ക്കരണ കമ്മിഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ) ആണ്.

60(1123) <u>വനഭൂമി</u>

ഔദ്യോഗിക രേഖകൾ പ്രകാരം കേരളത്തിൽ 1126452 ഹെക്ടർ വനഭൂമിയുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനധികൃത വനം കൈയേറ്റത്തെ സംബന്ധിച്ച് 2 കേസ്സുകൾ രജിസ്റ്റർ ചെയ്തതിൽ ഒരെണ്ണം ഒഴിപ്പിച്ചിട്ടുണ്ട്.